കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

**ജില്ലാഓഡിറ്റ് കാര്യാലയം, എറണാകുളം**

e-mail: lfadekm@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി1)01/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട്.
ഫോൺ – 0484 2422271
തീയതി-01/02/2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
**വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത്**

സർ,

വിഷയം:- **വടവുകോട് പുത്തൻകുരിശ്** ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേക്കും ഭാഗം 3ലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.-ഇ.കെ.എം.(പി1)01/2020 തീയതി – 01.02.2020

## എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ **വടവുകോട് പുത്തൻകുരിശ്** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.09.2018 മുതൽ 31.03.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വിനോദ്.കെ.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 09.12.2019 മുതൽ 19.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജ്യോതിമോൻ.സി.സി. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അജിമോൻ.പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ബബിത.ബി.കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.യോഗേഷ് ആർ. | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.പി.കെ.വേലായുധൻ | 01.04.2018 മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി.അംബിക നന്ദനൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.കെ.പി.വിശാഖ് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി. സോഫി ഐസക് | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.ടി.കെ.പോൾ | 01.04.2018 മുതൽ 27.01.2019 വരെ 28.01.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ.അനിൽകുമാർ.എൻ. | 01.04.2018 മുതൽ 31.03.2019വരെ |
| <u>**നിർവ്വഹണ ഉദ്യോഗസ്ഥർ**</u> | | | |
| **ഉദ്യോഗപ്പേര്** | | | **കാലയളവ്** |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.ജോമോൻ.ടി.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.ഉമേഷ്.ജി. | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീ.ജോർജ്ജ്.കെ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | | ഡോ.ആശ പോൾ | 01.04.2018 മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | | ഡോ.സുജ അലോഷ്യസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | | ഡോ.ഉമ മഹേശ്വരി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | | ഡോ.ലെന മേരി കുര്യാക്കോസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.ജില്ലൂസൺ തോമസ് | 01.04.2018 മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വടവുകോഡ് | | ശ്രീ.ശ്രീകാന്ത് ശ്രീധർ. | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുത്തൻകുരിശ് | | ശ്രീമതി.മീര നമ്പൂതിരി. | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അമ്പലമേട് | | ശ്രീമതി.ശീതള. | 01.04.2018മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീമതി.ജയ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ. ജി.എൽ.പി.എസ്. പുത്തൻകുരിശ് | | ശ്രീ.സി.എം.ജോസ്. | 01.04.2018മുതൽ 30.04.2018 വരെ |
| | | ഒഴിവ് | 01.05.2018 |
| | | ശ്രീമതി.നക്ഷത്രവല്ലി.പി.എൻ | 02.05.2018മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി | 1-12 |
| 13 | വസ്തുനികുതി-ഉപയോഗക്രമത്തിന് ബാധകമായ നികുതി ഈടാക്കിയില്ല | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-14 |
| 15 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-15 |

| | | |
|---|---|---|
| 16 | സാംഖ്യാ സ്റ്റേഷനറി- സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-16 |
| 17 | കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. | 1-17 |
| 18 | പുലിയാമ്പിള്ളി മുകൾ ഓപ്പൺസ്റ്റേജ് അനുബന്ധ പ്രവർത്തനങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 19 | ടെണ്ടർ വ്യത്യാസം കുറവ് ചെയ്തില്ല- നഷ്ടം-14553/-രൂപ | 1-19 |
| 20 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. | 1-20 |
| 21 | കുഴിക്കാട് ആശ്രമം റോഡ് ടാറിംഗ് & റീടാറിംഗ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 22 | പിഷാരടിപ്പടി അങ്കണവാടി മെയിന്റനൻസ്-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 23 | വടവുകോട് എൽ.പി. സ്കൂൾ മെയിന്റനൻസ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-23 |
| 24 | ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നില്ല | 1-24 |
| 25 | വനിതകൾക്ക് കന്നുകുട്ടി പരിപാലനം-അപാകതകൾ | 1-25 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ചിട്ടില്ല. | 1-26 |
| 27 | തുല്യതാപരീക്ഷ കോഴ്സ് ഫീസ് - പരീക്ഷ എഴുതിയ വിവരം ലഭ്യമല്ല. | 1-27 |
| 28 | ആരോഗ്യ ജാഗ്രത – മുൻകൂർ നൽകിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 1-28 |
| 29 | ഉദ്ഘാടന ചെലവ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-29 |
| 30 | ഉത്സവത്തിൽ കുറവ് ചെയ്ത വൈദ്യുതി / വെള്ളക്കര കുടിശ്ശിക. | 1-30 |
| | ഭാഗം 2 | |
| 31 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി | 2-1 |
| | ഭാഗം 3 | |
| 32 | പുലിയാമ്പിള്ളി മുകൾ ഓപ്പൺസ്റ്റേജ് അനുബന്ധ പ്രവർത്തനങ്ങൾ- 1309/- രൂപ അധിക ചെലവ്. | 3-1 |
| 33 | ടെണ്ടർ വ്യത്യാസം കുറവ് ചെയ്തില്ല - നഷ്ടം-14553/-രൂപ | 3-2 |
| | ഭാഗം 4 | |
| 34 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 35 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 38 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 39 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 45 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 46 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 47 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 48 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.03.2018 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 08.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,69,90,694.27 |
| വരവ് | 12,16,36,125.00 |
| ആകെ | 14,86,26,819.27 |
| ചെലവ് | 10,96,48,067.00 |
| നീക്കിയിരിപ്പ് | 3,89,78,752.27 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14681000 | 14681000 | 14227681* | 453319 (lapsed) |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | | 0 | 13101000 | 13101000 | 12222328 | 878672 (lapsed) |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 389000 | 389000 | 389000 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 10583000 | 10583000 | 10282135 | 300865 (lapsed) |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3044000 | 3044000 | 2083888 | 960112 (lapsed) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 8683193 | 8683193 | 3897780 | 4785413 (lapsed) |
| ശുചിത്വമിഷൻ | | 1518839 | 1595700 | 3114539 | 218500 | 2896039 |
| ദുരിതാശ്വാസനിധി | | 46654 | 1036 | 47690 | 38000 | 9690 |
| സാനിട്ടേഷൻ | | 55435.04 | 172576 | 228011.04 | 170000 | 58011.04 |
| ഐ.സി.ഡി.എസ് | | 1369845 | 942325 | 2312170 | 698984 | 1613186 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 48694 | 499710** | 548404 | 516863** | 31541 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2225000 | 850000 | 3075000 | 850000 | 2225000*** |
| | ജില്ലാ പഞ്ചായത്ത് | 0 | 2850300 | 2850300 | 1143163 | 1707137 |
| ബി ഫണ്ട് | | 0 | 230920 | 230920 | 230920 | 0 |
| സാക്ഷരതാ മിഷൻ | | 150284 | 5330 | 155614 | 0 | 155614 |
| കെ.ആർ.എൽ. സി.എസ്.ആർ.ഫണ്ട് | | 3517602 | 12092928 | 15610530 | 13206288 | 2404242 |
| ലൈബ്രറി ഗ്രാന്റ് | | 6190 | 42400 | 48590 | 42400 | 6190 |
| വിമുക്തി | | 22385 | 25000 | 47385 | 16470 | 30915 |
| ഗുണഭോക്തൃവിഹിതം | | 1812832 | 758033 | 2570865 | 1401977 | 1168888 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 15769276.23 | 39976794 | 55746070.23 | 32797526 | 22948544.23 |
| | ട്രഷറി അക്കൗണ്ട് | 447658 | 19927347 | 20375005 | 16668229 | 3706776 |
| കൈയ്യിരുപ്പ് | | 0 | 16979 | 16979 | 0 | 16979 |

* ഉൽഭവത്തിൽ കുറവ് ചെയ്ത 229187/- രൂപ ഉൾപ്പെടെയുള്ള തുക.

** റിവാർഡ് തുക 12000/- രൂപ ഉൾപ്പെടെയുള്ളത്.

*** ജോയിന്റ് വെഞ്ചർ പ്രോജക്ടിനു വേണ്ടിയുള്ള ടി.എസ്.ബി. അക്കൗണ്ടിൽ 35815/- രൂപ നീക്കിയിരിപ്പുണ്ട്. ബാക്കി തുക തനത് ഫണ്ട് അക്കൗണ്ടിലാണുള്ളത്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 296 | 257612032 | 133 | 72508267 | 141 | 22 | 44.93 |

ഗ്രാന്റ് ഇൻ എയ്ഡ് - *വിനിയോഗം*

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡ് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 14451813 | 13998494 | 453319 | 96.86 |
| വികസനഫണ്ട് -എസ്.സി.പി | 13101000 | 12222328 | 878672 | 93.29 |
| വികസനഫണ്ട് -ടി.എസ്.പി | 389000 | 389000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 10583000 | 10273000 | 310000 | 97.07 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 3044000 | 2083888 | 960112 | 68.46 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8683193 | 3897780 | 4785413 | 44.89 |

മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മേണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 48694 | 499710 | 548404 | 516863 | 31541 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12278611 | 12278611 | 12278611 | 0 |
| ആകെ | 48694 | 12778321 | 12827015 | 12795474 | 31541 |

**<u>വാർഷിക കർമ്മ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയില്ല.</u>**

2018-19 വർഷത്തേക്കുള്ള വാർഷിക കർമ്മപദ്ധതി വിവിധ ഫയലുകൾ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ഫയൽ നം./ തീയതി | അടങ്കൽ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| NREGS 2865/17/ 4.12.17 | 8560000/- | 220 |
| NREGS 2865/17/ 4.12.17 (അധിക പദ്ധതി) | 245590000/- | 1694 |
| NREGS 2865/17/ 4.12.17 (അധിക പദ്ധതി) | 22220000/- | 142 |
| ആകെ | 276370000/- | 2056 |

| അകെ പ്രവൃത്തികൾ | സാങ്കേതിക അനുമതി ലഭിച്ചത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കുവാൻ ബാക്കി |
|---|---|---|---|
| 2056 | 213 | 203 | 10 |

<u>ധനവിനിയോഗവും തൊഴിൽ ദിനവും.</u>

| | ലക്ഷ്യം | നേട്ടം | നേട്ടത്തിന്റെ ശതമാനം |
|---|---|---|---|
| ധനവിനിയോഗം | 276370000/- | 12795474/- | 4.62% |
| തൊഴിൽ ദിനങ്ങൾ | 637442 | 40776 | 6.4% |

ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൂർണ്ണമായും നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34920 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 3879100 | 318 |
| വിധവാപെൻഷൻ | 11677000 | 954 |
| വാർദ്ധക്യകാലപെൻഷൻ | 12805600 | 1120 |
| വികലാംഗപെൻഷൻ | 2735100 | 224 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 518000 | 40 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2019 ഉച്ചകഴിഞ്ഞ് 3.15 മണിക്ക് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 107173/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ പഞ്ചായത്തിന് ലഭിക്കുന്ന ചെക്കുകളും ഡ്രാഫ്റ്റുകളും പണമായി മാറിയ തീയതി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ പണം വരവ്, ഒടുക്ക് പരിശോധിക്കുമ്പോൾ ചെക്കുകളും ഡ്രാഫ്റ്റുകളും അക്കൗണ്ടിൽ ക്രഡിറ്റായത് കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. ആയതിനാൽ ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ പണമായി മാറിയ തീയതി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.11.2019 | 1.10.19-31.10.19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.8.2007 മുതൽ 11.9.2007 വരെ | 1997-98 മുതൽ 2006-07 വരെ | 18.10.2007 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി

പഞ്ചായത്തിലെ X-ാം വാർഡിലെ ജിസ് ബേബി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും 236.62 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ളതുമായ ഹോട്ടലിന്റെ വസ്തുനികുതി ചതുരശ്രമീറ്ററിന് 80/- രൂപ നിരക്കിൽ നിർണ്ണയിച്ച് ഈടാക്കേണ്ടിയിരുന്നതിന് പകരം 70/- രൂപ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽ പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ 2603/- രൂപ യുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ഖണ്ഡിക 2-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-13 വസ്തുനികുതി-ഉപയോഗക്രമത്തിന് ബാധകമായ നികുതി ഈടാക്കിയില്ല

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച സർക്കാരിന്റെ 14.01.2011ലെ സ.ഉ(അ)നം.20/2011/

ത.സ്വ.ഭ.വ. അനുസരിച്ച് പഞ്ചായത്തിൽ 20.09.11 ലെ II(1) കമ്മിറ്റി തീരുമാനം പ്രകാരം ഓഫീസുപയോഗത്തിനുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി 50/- രൂപയായി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വാർഡ് XIII ൽ ശ്രീ തോമസ് ജോസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും ഉപയോഗക്രമം ഓഫീസ് എന്ന് കാണിച്ചിട്ടുള്ളതുമായ 49 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള 62-A1 നം. കെട്ടിടത്തിന് റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 5/- രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കിയിട്ടുള്ളത്(15.03.19 പ്രാബല്യത്തിൽ). വിശദാംശങ്ങൾ താഴെ പറയുന്നു.(ലൈബ്രറി സെസ്സ് നികുതിയോടൊപ്പം ഈടാക്കിയിട്ടുണ്ട്;ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല)

കെട്ടിടത്തിന്റെ വിസ്തീർണ്ണം : 49 ചതുരശ്രമീറ്റർ

ഉപയോഗക്രമം : ഓഫീസ്

വസ്തുനികുതി കണക്കാക്കിയ നിരക്ക് :5/-രൂപ

വർദ്ധനവ്, ഇളവ് എന്നിവ ഉൾപ്പെടെ ഈടാക്കിയ തുക : 294/-രൂപ (20 % വർദ്ധനവ് മാത്രം ബാധകം) (ലൈബ്രറി സെസ് ഉൾപ്പെടാത്ത തുക)

ബാധകമായ നിരക്ക് : 50/-രൂപ

വർദ്ധനവ് ഉൾപ്പെടെ ഈടാക്കേണ്ട തുക : 2940/- രൂപ

അതായത് 2646/- രൂപ (2940 – 294) കുറച്ചാണ് കെട്ടിട ഉടമയിൽ നിന്നീടാക്കിയിരിക്കുന്നത്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/ 16.12.19) ഹാജരാക്കിയ മറുപടിയിൽ ടി മുറി റസിഡൻസ് അസോസിയേഷന്റെ ആവശ്യങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നത് എന്നാണ് കാണിച്ചിട്ടുള്ളത്. പ്രൊജക്ട് ഓഫീസ് എന്ന് കെട്ടിടനികുതിനിർണ്ണയ രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ നല്കിയ മറുപടി അംഗീകരിക്കാനാകില്ല. ആയതിനാൽ വസ്തുനികുതിയിനത്തിൽ ലഭിക്കേണ്ടിയിരുന്ന 2646 /- രൂപ കെട്ടിട ഉടമയിൽ നിന്നീടാക്കേണ്ടതാണ്.

# 1-14 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സെൽവം ഹാച്ചറീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ ടിസ്ഥാപനത്തിൽ 22 ജീവനക്കാർ ജോലി ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.8)മറുപടിയായി തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-15 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കടമുറികൾ 2018-19 വർഷത്തിൽ വാടകയ്ക്ക് എടുത്തിരിരുന്നവർ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം. | വാടകക്കാരന്റെ വിവരം | പ്രതിമാസ വാടക + ജി.എസ്.റ്റി | വാക ഒടുക്കാത്ത കാലയളവ് | ആകെ ഒടുക്കേണ്ട വാടക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | II/701 | എം.ടി.ചന്ദ്രൻ, മൂലേപ്പാടത്ത് | 1514+273 | 02/19-03/19 | 3028 +546 | |
| 2 | II/705 | വിനോജ് ചോതി, പുളിക്കയത്ത് | 1270+229 | 04/18-03/19 | 15240 +2748 | 17-18ൽ 10359 രൂപ കുടിശ്ശിക യുണ്ട് |
| 3 | II/709 | സുബ്രഹ്മണ്യൻ, മൂലേക്കുഴി | 5789+1042 | 03/19 | 5789 +1042 | |
| 4 | II/711 | കെ.എം.പോൾ, കുന്നാരത്ത് | 728+132 | 03/19 | 728 +132 | |
| 5 | V/325 | തേവൻ പള്ളിയൻ, മേലേക്കുടിയിൽ | 840+151 | 10/18-03/19 | 5040 +906 | |
| 6 | VIII/427 | സെക്രട്ടറി, VICOS | 1086+196 | 04/18-03/19 | 13032 +2352 | 17-18 ൽ 10835രൂപ കുടിശ്ശികയുണ്ട് |
| 7 | VIII/428 | സെക്രട്ടറി, VICOS | 1357+245 | 04/18-03/19 | 16284 +2940 | 17-18 ൽ 13530രൂപ കുടിശ്ശികയുണ്ട് |
| 8 | VIII/429 | സെക്രട്ടറി, VICOS | 858+155 | 04/18-03/19 | 10296 +1860 | 17-18 ൽ 8558രൂപ കുടിശ്ശികയുണ്ട് |
| 9 | VIII/430 | സെക്രട്ടറി, VICOS | 858+155 | 04/18-03/19 | 10296 +1860 | 17-18 ൽ 8558രൂപ കുടിശ്ശികയുണ്ട് |
| ആകെ | | | | | 69437 +12526 | |

മേൽ വാടകക്കാരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാത്തതിനും മുൻ വർഷം കുടിശ്ശിക വരുത്തിയവർക്ക് തുടർന്നും മുറികൾ വാടകയ്ക്ക് നൽകിയതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.21) മറുപടിയായി തുക അടയ്ക്കാത്ത കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വാടക കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കേണ്ടതും കുടിശ്ശിക വരുത്തുന്നവർക്ക് തുടർ വർഷങ്ങളിൽ മുറികൾ വാടകയ്ക്ക് നൽകുന്ന പ്രവണത ഓഴിവാക്കേണ്ടതുമാണ്.

# 1-16 സാംഖ്യാ സ്റ്റേഷനറി- സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ലഭ്യമാകുന്നതും ഉപയോഗിക്കുന്നതും ബാക്കിയുള്ളതുമായ

സാംഖ്യ സ്റ്റേഷനറികൾ സംബന്ധിച്ച വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. മാനുവൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോടൊപ്പം ഡി.ഡി.പി ഓഫീസിൽ നിന്നും ലഭ്യമാകുന്ന സാംഖ്യാ സ്റ്റേഷനറികളുടെ എണ്ണം മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നത്. ആയതിനാൽ എത്ര സ്റ്റേഷനറികൾ ഉപയോഗത്തിനായി എടുത്തുവെന്നോ എത്രയെണ്ണം നീക്കി ബാക്കിയുണ്ടെന്നോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. സ്റ്റേഷനറികളുടെ സ്റ്റോക്ക് വിവരങ്ങൾ പ്രത്യേകമായി എഴുതി സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.17) മറുപടിയായി സാംഖ്യാ രസീതുകളുടെ സ്റ്റോക്ക് പ്രത്യേകമായി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സാംഖ്യാ സ്റ്റേഷനറികളുടെ സ്റ്റോക്ക് കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ 2018-19 ൽ നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ 185302 രൂപ ഈടാക്കി ഒടുക്ക് വരുത്തിയിട്ടുണ്ട്. 1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ആകെ പ്രവർത്തിമൂല്യത്തിന്റെ 1% ബന്ധപ്പെട്ട വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം ഒടുക്കുന്ന തുകയുടെ 1% കളക്ഷൻചാർജ്ജായി അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (28/17.12.19) ന് മറുപടി ലഭ്യമാക്കിയില്ല. നിർമ്മാണതൊഴിലാളി ക്ഷേമനിധിയിൽ നിന്നും തൻവർഷം അർഹമായ തുക ക്രമപ്പെടുത്തി ലഭിക്കുന്നതിനും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-18 പുലിയാമ്പിള്ളി മുകൾ ഓപ്പൺസ്റ്റേജ് അനുബന്ധ പ്രവർത്തനങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പുലിയാമ്പിള്ളി മുകൾ ഓപ്പൺസ്റ്റേജ് അനുബന്ധ പ്രവർത്തനങ്ങൾ എന്ന പ്രവൃത്തിയുടെ അഞ്ചാമിനമായി 60mm ഇന്റർലോക്കിംഗ് പവർ ബ്ലോക്ക്, അളവ് പുസ്തകം പുറം 9ലെ രേഖപ്പെടുത്തൽ അനുസരിച്ച് 126.83$m^2$ ചെയ്തിട്ടുണ്ട്. എന്നാൽ പുറം 17 പ്രകാരം ഈയിനത്തിന് മൂല്യനിർണ്ണയം നടത്തിയപ്പോൾ 128.336$m^2$ ചെയ്തതായി രേഖപ്പെടുത്തി 869.38/$m^2$ നിരക്കിൽ 111572.75രൂപ നൽകിയിട്ടുണ്ട്. അതായത് 1.506$m^2$ ന് 869.38/$m^2$ നിരക്കിൽ 1309/- രൂപ അധികം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-19 ടെണ്ടർ വ്യത്യാസം കുറവ് ചെയ്തില്ല- നഷ്ടം-14553/-രൂപ

കരിമുകൾ ക്ലേ കമ്പനി റോഡ് റീടാറിംഗ്- എന്ന പ്രവൃത്തിയുടെ ഫയൽ

പരിശോധിച്ചതിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 3.13% കുറഞ്ഞ നിരക്കിലാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. 1.11.2017 ൽ ആരംഭിച്ച പ്രവൃത്തി 5.5.2018ൽ പൂർത്തീകരിച്ച് മൂല്യ നിർണ്ണയം നടത്തിയപ്പോൾ ആകെമൂല്യം 470163/- രൂപ എന്നത് 470000/-രൂപയിൽ പരിമിതപ്പെടുത്തിയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. എന്നാൽ ഇതിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതിരുന്നത് മൂലം 14553/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-20 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

2018-19 ൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ എഗ്രിമെന്റ് പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാതെ, നിയമാനുസരണം കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് അപേക്ഷിക്കുകയോ, കാലാവധി ദീർഘിപ്പിച്ച നൽകുകയോ ചെയ്യാതിരുന്നിട്ടും സർക്കാർ ഉത്തരവ് 13/2012/പി.ഡബ്ല്യൂ.ഡി/1.2.2012 സെക്ഷൻ 2116.1 പ്രകാരം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ട് | കരാർ തുക | കരാറുകാരൻ | എഗ്രിമെന്റ് തിയതി | പൂർത്തിയാക്കേണ്ട തിയതി | പൂർത്തിയാക്കിയ തിയതി | കാലതാമസം | ഈടാക്കേണ്ട ഫൈൻ |
|---|---|---|---|---|---|---|---|---|
| 1 | 253/19 കരിമുകൾ ക്ലേ കമ്പനി റോഡ് | 483629 | പി.പി. അബൂബക്കർ | 1.11.2017 | 1.2.2018 | 5.5.2018 | 13.42 ആഴ്ച | 6480 (1.34%) |
| 2 | ആയുർവ്വേദ ഡിസ്പെൻസറിക്ക് ഗ്രിൽ സ്ഥാപിക്കൽ | 266035 | അലക്സ് പി. വർഗ്ഗീസ് | 5.1.2017 | 31.3.2017 | 21.3.2018 | 50.85ആഴ്ച | 13541 (5.09%) |
| 3 | പിഷാരടിപ്പടി അങ്കണവാടി മെയിന്റനൻസ് | 157623 | കെ.ഐ. ഇട്ടിയവിര | 27.12.14 | 31.3.15 | 29.5.2017 | 112ആഴ്ച പരമാവധി 10% | 15762 |
| ആകെ | | | | | | | | 35783 |

മേൽ സൂചിപ്പിച്ചവയിൽ ക്രമ നമ്പർ രണ്ടിൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തികരിക്കാതിരുന്നതിന് ഫൈൻ ഇനത്തിൽ 1000രൂപ ആകെ ബില്ലിൽ നിന്നും കുറവ് ചെയ്താണ് ബിൽ മാറിയിട്ടുള്ളത്. ഇപ്രകാരം ആകെ മൂല്യത്തിൽ നിന്നും ഫൈൻ കുറവ് ചെയ്ത് ബിൽ മാറിയതിനാൽ പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവ് വെക്കേണ്ട ഫൈൻ തുക പഞ്ചായത്തിന് നഷ്ടമായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (25/17.12.19) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം നഷ്ടമായ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 കുഴിക്കാട് ആശ്രമം റോഡ് ടാറിംഗ് & റീടാറിംഗ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0254/19 |
| നിർവ്വഹണ ഉദ്യോസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 10,00,000 മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| കരാറുകാരൻ | സി.ഒ.വർഗ്ഗീസ് |
| പി.എ.സി | 967829 |
| അളവ് പുസ്തകം | 72/17-18 |
| ബിൽ നമ്പർ | 1/18-19/30.6.18, 964534 |

കുഴിക്കാട് ആശ്രമം റോഡ് ടാറിംഗ് & റീടാറിംഗ് - എന്ന പ്രവൃത്തിയിൽ കാന നിർമ്മാണത്തിന് രണ്ടാമിനമായി എർത്ത് വർക്ക് എസ്കവേഷൻ താഴെപറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

ഡ്രെയിൻ-1x28.80x0.8x0.30=6.912$m^3$

ചേമ്പർ- 1x1.10x1.10x1.20 =1.452$m^3$

ഒമ്പതാമിനമായി പ്ലെയിൻ സിമന്റ് കോൺക്രീറ്റിംഗ് 1:3:6 അനുപാതത്തിൽ ഡ്രെയിൻ ബെഡ് താഴെപറയുന്ന അളവിൽ ചെയ്തിട്ടുണ്ട്.

ഡ്രെയിൻ-1x28.80x0.8x0.10=2.304$m^3$

ചേമ്പർ- 1x1.10x1.10x0.10 =0.121$m^3$ ആകെ 2.425$m^3$ ചെയ്തതിന് 6500/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. കൂടാതെ അളവ് പുസ്തകം പുറം 9 പ്രകാരം ഡ്രെയിൻ ബെഡ് 1:2.5:5 അനുപാതത്തിൽ താഴെപറയുന്ന അളവിൽ വീണ്ടും പ്ലെയിൻ സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്.

ഡ്രെയിൻ-1x28.80x0.8x0.10=2.304$m^3$ ആയതിന് 7900/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. ഇപ്രകാരം കാനയുടെ ബെഡ് 20സെന്റീമീറ്റർ കനത്തിൽ ചെയ്തതുമൂലം അധികചെലവുണ്ടായിട്ടുണ്ട്. പത്ത് സെന്റീമീറ്റർ കനത്തിൽ പി.സി.സി ചെയ്തതിന് മീതെ 5സെന്റീമീറ്റർ കനത്തിൽ 1:2:4 അനുപാതത്തിൽ വിയറിംഗ് കോട്ട് നൽകിയാൽ മതിയാകുമെന്നിരിക്കെ ഇത്തരത്തിൽ പ്രവൃത്തി ചെയ്യുവാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ്. കൂടാതെ ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3മാസമാണ്. എഗ്രിമെന്റ് വെച്ച് സൈറ്റ് ഹാന്റോവർ ചെയ്തിട്ടുള്ളത് 1.11.2017ൽ ആണ്. ഇത് പ്രകാരം 1.2.2018 ൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 19.3.2018 ൽ ആണ്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ലാത്തതിനാൽ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2116-1പ്രകാരം കാലതാമസം വരുത്തുന്ന ഓരോ ആഴ്ചയ്ക്കും എഗ്രീഡ് പി.എ.സിയുടെ 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 16.12.19ൽ നൽകിയ 18-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതെ കാലതാമസം വരുത്തിയ 7 ആഴ്ചയ്ക്ക് 0.1%നിരക്കിൽ (967829x0.1%) 967 രൂപ ഈടാക്കേണ്ടതാണ്.

# 1-22 പിഷാരടിപ്പടി അങ്കണവാടി മെയിന്ററനൻസ്-

## പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 221/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 2,00,000/- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| കരാറുകാരൻ | കെ.ഐ.ഇട്ടിയവിര |
| അളവ് പുസ്തകം | 82/16-17 |
| ആകെ മൂല്യം | 157623/- |
| ബിൽ നമ്പർ | 7/18-19/21.7.18, 71068<br>48/17-18/27.3.18, 86555 |

പിഷാരടിപ്പടി അങ്കണവാടി മെയിന്റനൻസ്- എന്ന പ്രവൃത്തി 2014-15 ൽ 99/15 നമ്പറായി 2 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് അംഗീകാരം വാങ്ങിയിരുന്നതാണ്. ഈ പദ്ധതിക്ക് ലഭ്യമായ ക്വൊട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ഇട്ടിയവിര എന്നയാളുടെ ക്വൊട്ടേഷൻ 22.12.14 ലെ കമ്മിറ്റി അംഗീകരിക്കുകയും 26.12.2014 ൽ നൽകിയ സെലക്ഷൻ നോട്ടീസിന്റെ അടിസ്ഥാനത്തിൽ 27.12.14ൽ 14ാം നമ്പറായി എഗ്രിമെന്റ് വെച്ചിട്ടുള്ളതാണ്. എന്നാൽ സെലക്ഷൻ നോട്ടീസിലോ കരാറിലോ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും അതത് സാമ്പത്തിക വർഷത്തിൽ തന്നെ ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ്. കരാർ വ്യവസ്ഥ6 പ്രകാരം കരാർ വെച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിന് സ്ഥലം ഏറ്റുവാങ്ങേണ്ടതും 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുകയും കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. ഈ വ്യവസ്ഥയ്ക്ക് വീഴ്ച വരുത്തിയാൽ നിയമാനുസൃതം നോട്ടീസയച്ച് 14 ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദ് ചെയ്ത് മറ്റൊരു ഏജൻസി വഴി പ്രവൃത്തി പൂർത്തിയാക്കുന്നതും അധിക ചെലവ് കരാറുകാരനിൽ നിന്ന് ഈടാക്കുന്നതുമായിരിക്കുമെന്നാണ്.

സൈറ്റ് ഹാന്റ് ഓവർ ചെയ്ത സാക്ഷ്യപത്രത്തിൽ 27.12.2017 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് വിശ്വസനീയമല്ല. കാരണം ഈ പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ 10.4.2017 ൽ തന്നെ പ്രവൃത്തി ആരംഭിച്ച് അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത സമയ പരിധിയിൽ പ്രവൃത്തി ആരംഭിക്കാതിരുന്നിട്ടും നിയമാനുസൃതം നോട്ടീസ് നൽകുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 29.5.2017ൽ പ്രവൃത്തി പൂർത്തീകിച്ച് അളവ് പുസ്തകത്തിൽ അവസാന അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ ഈ വിധം അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് ഉചിതമായ നടപടിയല്ല. കൂടാതെ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്യാതിരുന്നിട്ടും കാലതാമസം വരുത്തിയതിന് നിയമാനുസൃതം ഫൈൻ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/16.12.19) മറുപടി ലഭ്യമാക്കിയില്ല. ഇത്തരം പ്രവൃത്തികൾ കൃത്യമായി മോണിട്ടറിംഗ് നടത്തുകയും നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുന്നു എന്ന് നിരീക്ഷിക്കപ്പെടേണ്ടതാണ്.

## 1-23 വടവുകോട് എൽ.പി. സ്കൂൾ മെയിന്റനൻസ്- പദ്ധതി നിർവ്വഹണത്തിലെ

# അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 174/19 |
| നിർവ്വഹണ ഉദ്യോസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 5,00,000/- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| കരാറുകാരൻ | സുധീഷ്.പി.എസ് |

വടവുകോട് എൽ.പി. സ്കൂൾ മെയിന്റനൻസ്- എന്ന പദ്ധതിക്ക് ലഭ്യമായ ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുധീഷ് പി.എസിന്റെ ടെണ്ടർ അംഗീകരിക്കുകയും ഇയാൾ 20.11.18ൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 23.11.18ൽ 500/- രൂപയുടെ മുദ്രപ്പത്രത്തിൽ 46/18-19 നമ്പറായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ശ്രീ. സുധീഷ് പി.എസിന്റെ പേരിൽ 21862 നമ്പറായി 24.11.18ൽ വാങ്ങിയ പത്രമാണിത്. ഇപ്രകാരം മുദ്രപ്പത്രം വാങ്ങുന്നതിന് മുമ്പേ പ്രസ്തുത പത്രത്തിൽ എഗ്രിമെന്റിൽ ഏർപ്പെടുക അസാധ്യവും അപ്രായോഗികവുമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (26/17.12.19) മറുപടി ലഭ്യമാക്കിയില്ല.

# 1-24 ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നില്ല

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0306/19, പൊതുസ്ഥാപനങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ | 1,00,000 /-(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 48,500 /- ചെക്ക് നം. 2623177 ; 21.03.19 |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുത്തൻകുരിശ് |

ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ ഖരമാലിന്യസംസ്കരണത്തിന് വേണ്ടി പുത്തൻകുരിശ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ഈ പ്രൊജക്ട് പ്രകാരം ജി എൽ പി എസ് വടവുകോട്, ജെ.ബി.എസ്. കുറ്റ, ജി.യു.പി.എസ്. പുറ്റമാനൂർ എന്നീ സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയായ ആലുവയിലെ സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. വടവുകോട് സ്കൂളിൽ 2 ക്യൂബിക്ക് മീറ്റർ കപ്പാസിറ്റിയുള്ളതും മറ്റ് രണ്ട് സ്കൂളുകളിൽ 1 ക്യൂബിക്ക് മീറ്റർ കപ്പാസിറ്റിയുള്ളതുമായ വാട്ടർ ജാക്കറ്റോടുകൂടിയ ബയോഗ്യാസ് പ്ലാന്റുകളാണ് സ്ഥാപിച്ചത്. പദ്ധതി നിർവ്വഹണം ചെയ്ത ഉദ്യോഗസ്ഥയുടെ സാന്നിദ്ധ്യത്തിൽ 13/12/2019 ൽ നടത്തിയ നേരിട്ടുള്ള പരിശോധനയിൽ മൂന്ന് സ്കൂളുകളിലെയും ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നില്ലെന്ന് കാണുകയുണ്ടായി. മൂന്ന് സ്കൂളുകളിലെയും പ്ലാന്റുകളിൽ 2018 ജൂൺ മാസം മുതലാണ് മാലിന്യസംസ്കരണം പ്രാവർത്തികമാക്കിയത്. പ്രവർത്തനം ആരംഭിച്ച് 6 മാസത്തിനുള്ളിലാണ് പ്ലാന്റുകൾക്ക് തകരാർ സംഭവിച്ചിട്ടുള്ളത്. സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം ഒരു വർഷത്തിനുള്ളിൽ തകരാർ ഉണ്ടാകുകയാണെങ്കിൽ

സ്ഥാപനം സ്വന്തം ഉത്തരവാദിത്തത്തിൽ പരിഹരിക്കണമെന്ന് വ്യവസ്ഥയുണ്ട്. പ്ലാന്റുകളുടെ നിലവിലെ അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7, 13.12.19) ഹാജരാക്കിയ മറുപടിയിൽ ജി എൽ പി എസ് വടവുകോട്,ജെ ബി എസ് കുറ്റ സ്കൂളുകളിലെ പ്ലാന്റുകളിലെ തകരാർ ഏജൻസി പരിഹരിച്ചിട്ടുണ്ടെന്ന് അറിയിച്ചു.ജി യു പി എസ് പുറ്റുമാനൂരിലെ പ്ലാന്റിന്റെ തകരാറും പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/13.12.19) ഹാജരാക്കിയ മറുപടിയിൽ ജി.എൽ.പി.എസ്. വടവുകോട്, ജെ.ബി.എസ്.കുറ്റ സ്കൂളുകളിലെ പ്ലാന്റുകളിലെ തകരാർ ഏജൻസി പരിഹരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ജി.യു.പി.എസ്. പുറ്റുമാനൂരിലെ പ്ലാന്റിന്റെ തകരാറും പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-25 വനിതകൾക്ക് കന്നുകുട്ടി പരിപാലനം-അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | എസ് 023/19, വനിതകൾക്ക് കന്നുകുട്ടി പരിപാലനം | |
| അടങ്കൽ | 2,93,750 /-(വികസന ഫണ്ട്)<br>2,93,750 /-(സംസ്ഥാനാവിഷ്കൃതം)<br>5,87,500 /-(മറ്റുള്ളവ) | |
| ചെലവ് | 2,93,750 /-(വികസന ഫണ്ട്) | 1)ബിൽ നം. 9/18-19; 2,56,250 /- ; 20.12.18 |
| | | 2)ബിൽ നം.15/18-19 ; 37,500 /- ; 26.02.19 |
| നിർവഹണ ഉദ്യോഗസ്ഥ | വെറ്ററനറി സർജൻ | |

വനിതകൾക്ക് കന്നുകുട്ടി പരിപാലനം എന്ന പദ്ധതി പ്രകാരം ഒരു കന്നുകുട്ടിക്ക് 6250/- രൂപ നിരക്കിൽ 47 കന്നുകുട്ടികൾക്ക് 2,93,750/- രൂപ പ്രൊജക്ട് ഓഫീസർ, ഇന്റൻസീവ് ക്യാറ്റിൽ ഡെവലപ്മെന്റ് പ്രൊജക്ട്, ആലുവ യ്ക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1)വനിതകൾക്ക് കന്നുകുട്ടി പരിപാലനം എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതിയുടെ ആകെയുള്ള 47 ഗുണഭോക്താക്കളിൽ 18 പേർ പുരുഷൻമാരാണ്.

2)ഗുണഭോക്താവായിരുന്ന ശ്രീമതി സാനി പൗലോസിന്റെ കന്നുകുട്ടി ചത്തുപോയതായി നാൾവഴി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി എല്ലാ കന്നുകുട്ടികളെയും ഇൻഷ്വർ ചെയ്തിട്ടുള്ളതാണ്. കന്നുകുട്ടി ചത്തുപോയാൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥ സ്വീകരിച്ച നടപടികൾ ലഭ്യമല്ല.

3)ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. അബ്രഹാം വട്ടപ്പാറ, രാമകൃഷ്ണൻ.സിഎൻ, സന്തോഷ്.കെ എന്നീ ഗുണഭോക്താക്കൾ കാലിത്തീറ്റ തുടർച്ചയായി വാങ്ങുന്നതിൽ മുടക്കം വരുത്തിയതിനാൽ പദ്ധതിയിൽ നിന്നൊഴിവാക്കപ്പെട്ടു എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാറിൽ നിന്ന് പിൻമാറുന്ന ഗുണഭോക്താക്കൾക്കെതിരെ സ്വീകരിച്ച നടപടികൾ ഉള്ളടക്കം ചെയ്തിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27,18.12.19) ഹാജരാക്കിയ മറുപടിയിൽ DPC അംഗീകരിച്ച പ്രൊജക്ടിൽ 80 പശുകിടാക്കളെയാണ് ഉദ്ദേശിച്ചിരുന്നതെന്നും കിടാക്കൾ ഉള്ള സ്ത്രീകൾ 29 പേർ മാത്രമായതിനാൽ ടാർഗറ്റ് തികയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് പുരുഷൻമാരെ ലിസ്റ്റിലെടുത്തതെന്ന് ബോധിപ്പിച്ചു. ശ്രീമതി സാനി പൗലോസിന്റെ കിടാവ് ചത്തുപോയതിന് യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ലഭിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കുകയും ചെയ്തു. പദ്ധതിയിൽ നിന്നൊഴിവായ ഗുണഭോക്താക്കൾക്ക് വേണ്ടി പ്രൊജക്ട് ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതും വിനിയോഗിക്കാതിരുന്നതുമായ തുക പിന്നീട് പുതിയ പ്രൊജക്ടിന് അലോട്ട് ചെയ്യുകയാണ് പതിവെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. മേൽ അപാകതകൾ പരിഹരിക്കേണ്ടതും, തുക ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-26 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ 22.92ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്.

| | പ്രോജക്ട് | നിക്ഷേപ തുക | ചെക്ക് നം. | നിക്ഷേപം സ്വീകരിച്ച സ്ഥാപനം |
|---|---|---|---|---|
| 1 | ജെ.ബി.എസ്.കുറ്റ – രാമല്ലൂർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ്.0196/19) | 355000/- | 081149/ 8.3.19 | കേരള ജല അതോറിറ്റി |
| 2 | രാമല്ലൂർ അമ്പലം - വെമ്പിള്ളിത്താഴം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ്.0197/19) | 190000/- | 081148/ 8.3.19 | കേരള ജല അതോറിറ്റി |
| 3 | കരിമുകൾ –വേളൂർ റോഡിൽ പൈപ്പ് മാറ്റി സ്ഥാപിക്കൽ (എസ്.0308/19) | 115000/- | 21801119/ 7.1.2019 | കേരള ജല അതോറിറ്റി |
| 4 | എച്ച്.ഒ.സി.കവല മുതൽ ഏറ്റിക്കര വരെ പൈപ്പ് ലൈൻ വലിക്കൽ ( എസ്. 0278/19) | 900000/- | 843881/ 5.3.19 | കേരള ജല അതോറിറ്റി |
| | | 471000/- | 843882/ 5.3.19 | |
| 5 | വേളൂർ 4 സെന്റ് കോളനിയിലെ പൊതു ടാപ്പ് കണക്ഷൻ നിലവിലുള്ള കാലപ്പഴക്കം ചെന്ന ജി.ഐ.പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിന് ( തനത് ഫണ്ട്) | 52000/- | 080419/ 5.3.19 | കേരള ജല അതോറിറ്റി |
| 6 | ഐക്കാട്ടുതറ കനാൽ ബണ്ട് റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (എസ്.0096/19) | 209474/- | 21801148 / 23.1.19 | വൈദ്യുതി ബോർഡ് |
| ആകെ | | 2292474/- | | |

പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബില്ലോടുകൂടിയ തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ജലഅതോറിറ്റിയുമായി കരാർ ഏർപ്പെടാതെയാണ് തുക മുൻകൂർ

നൽകിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ നിക്ഷേപത്തുക ബാലൻസ് ഷീറ്റിൽ ആസ്തിയായി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ തുകകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പോ വികസനകാര്യ സ്ഥിരം സമിതിയോ മോണിറ്റർ നടത്തിയതായി കാണുന്നില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് വിധേയമായി 2292474/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-27 തുല്യതാ പരീക്ഷ കോഴ്സ് ഫീസ് - പരീക്ഷ എഴുതിയ വിവരം ലഭ്യമല്ല.

| | | |
|---|---|---|
| പ്രോജക്ട് | : | തുല്യതാപരീക്ഷയ്ക്ക് ഫീസ് നൽകൽ (എസ്.0307/19) |
| അടങ്കൽ | : | 39500/- വികസന ഫണ്ട് പൊതുവിഭാഗം |
| ചെലവ് | : | 39500/- വികസന ഫണ്ട് പൊതുവിഭാഗം (ബിൽ നം. 15/ 22.02.2019) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പത്താം തരം, ഹയർ സെക്കന്ററി തുല്യതാ പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ കോഴ്സ് ഫീസ് അടവാക്കുന്നതിന് വേണ്ടി നടപ്പാക്കിയ പ്രോജക്ടാണിത്. ഇത് പ്രകാരം കോഴ്സ് ഫീസ് അടവാക്കിയതിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| കോഴ്സ് | പഠിതാക്കളുടെ എണ്ണം | തദ്ദേശ സ്ഥാപന വിഹിതം | ആകെ വിഹിതം |
|---|---|---|---|
| പത്താം തരം | 10 | 1750 | 17500 |
| ഹയർ സെക്കന്ററി | 10 | 2200 | 22000 |
| ആകെ | | | 39500 |

കോഴ്സ് ഫീസ് അനുവദിക്കപ്പെട്ട പഠിതാക്കളുടെ പേര് വിവരം താഴെ ചേർക്കുന്നു. ഇവർ പരീക്ഷ എഴുതിയത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ലഭ്യമല്ല. പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ അവരുടെ രജിസ്ട്രേഷൻ നമ്പർ ഉൾപ്പെടുത്തി സാക്ഷ്യപത്രം സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/16.12.2019) പരീക്ഷ 2019 ഡിസംബർ മാസത്തിലാണ് നടക്കുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| പത്താം തരം | | ഹയർസെക്കന്ററി | |
|---|---|---|---|
| പഠിതാവിന്റെ പേര് | അപേക്ഷ നം. | പഠിതാവിന്റെ പേര് | അപേക്ഷ നം. |
| നിസാമുദീൻ.പി.എസ്. | 65259/10/07/19 | എൽദോസ് സ്കറിയ | 122502/12/07/19 |
| രാജ്കുമാർ.എസ്.എസ്. | 124532/10/07/19 | രവീന്ദ്രൻ.ആർ | 65218/12/07/19 |

| | | | |
|---|---|---|---|
| ജറിൻസാൻ ഡേവിഡ് | 117694/10/07/19 | ദിവ്യ മാത്യു | 65291/12/07/19 |
| വിവിൻസ്.ഇ.എൽ | 117456/10/07/19 | ലതാദേവി.വി | 65315/12/07/19 |
| വിജയൻ.എൻ.ടി. | 121385/10/07/19 | ജോഷി.ടി.പി. | 85834/12/07/19 |
| പ്രവീൺ.പി.പി. | 124560/10/07/19 | സീന പീറ്റർ | 117852/12/07/19 |
| സ്മിത ബാബു. | 121372/10/07/19 | ലീല.കെ.എസ്. | 124600/12/07/19 |
| ജയശ്രീ.കെ.എസ്. | 146651/10/07/19 | മഞ്ചു.ടി.വി. | 122192/12/07/19 |
| അജയൻ.കെ. | 146638/10/07/19 | പ്രസീത.കെ.പി. | 132771/12/07/19 |
| രാധ.കെ. | 14660/10/07/19 | ഷിബുകുമാർ.കെ.വി. | 146611/12/07/19 |

പരീക്ഷ എഴുതിയ രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി 39500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-28 ആരോഗ്യ ജാഗ്രത – മുൻകൂർ നൽകിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലെ സാനിട്ടേഷൻ സമിതികൾക്ക് ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾക്കായി 2.55 ലക്ഷം രൂപ മുൻകൂറായി (ഹെഡ് 460500501) നൽകിയിട്ടുണ്ട്.

| | വൗച്ചർ നം | തുക |
|---|---|---|
| 1 | 21800411 / 18.7.2018 | 1,70,000/- |
| 2 | 21800591 / 11.09.2018 | 85,000/- |
| ആകെ | | 2,55,000/- |

ഈ തുകകളുടെ വിനിയോഗവിവരം ഹാജരാക്കി മുൻകൂർ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ച് ഓഡിറ്റ് എൻക്വയറി (നം. 5/ 12.12.2019) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ തുകകൾ ക്രമീകരിക്കപ്പെടുവാനുള്ള മുൻകൂറായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഈ സാഹചര്യത്തിൽ മുൻകൂറുകൾ ക്രമീകരിച്ച് രേഖകൾ ഹാജരാക്കുന്നതിന് വിധേയമായി 2.55 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-29 ഉദ്ഘാടന ചെലവ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന ഉദ്ഘാടന ചടങ്ങുകൾക്ക് വിനിയോഗിക്കാവുന്ന തുകയ്ക്കുള്ള പരിധി 28.12.2015 ലെ സ.ഉ.(സാധാ) 3866/2015/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇത് അനുസരിച്ച് മന്ത്രി പങ്കെടുക്കുന്ന ചടങ്ങുകൾക്ക് പരമാവധി 25000/- രൂപയും മറ്റുള്ളവയ്ക്ക് പരമാവധി 10000/- രൂപയുമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. എന്നാൽ താഴെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം ഇതിന് വിരുദ്ധമായി പരിധിയിൽ കവിഞ്ഞ് തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം. | തുക | ചെലവിന്റെ വിവരം | അധികമായി ചെലവ് ചെയ്ത തുക |
|---|---|---|---|
| 21800331/ 04.07.2018 | 15250/- | കരിമുകൾ മാർക്കറ്റ് ഉദ്ഘാടനചെലവ് | 5250/- |
| 21800377/ 09.07.2018 | 15000/- | 84-ാം നമ്പർ രാമല്ലൂർ അംഗൻവാടി ഉദ്ഘാടനചെലവ് | 5000/- |

ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടിയിൽ ബ്രഹ്മപുരം ശ്മശാനത്തിന്റെയും കരിമുകൾ മാർക്കറ്റ് നവീകരണത്തിന്റെയും ഉദ്ഘാടനത്തിനാണ് 15000/- രൂപ ചെലവഴിച്ചിട്ടുള്ളതെന്നും 84-ാം നമ്പർ അംഗൻവാടി ബി.പി.സിഎൽ കമ്പനിയുടെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതിനാൽ ഉദ്ഘാടന ചടങ്ങിൽ കമ്പനിയിലെ മുതിർന്ന ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളും പങ്കെടുത്തതിനാലുമാണ് ചെലവ് കൂടിയത് എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഭാവിയിൽ സർക്കാർ നിർദ്ദേശമനുസരിച്ച് ഉദ്ഘാടനചടങ്ങുകൾക്കുള്ള ചെലവിൽ മിതവ്യയം പാലിക്കേണ്ടതാണ്.

## 1-30 ഉത്ഭവത്തിൽ കുറവ് ചെയ്ത വൈദ്യുതി / വെള്ളക്കര കുടിശ്ശിക.

ഗ്രാമപഞ്ചായത്തിന് അനുവദിച്ച വികസന ഫണ്ട് മൂന്നാം ഗഡു അലോട്ട്മെന്റിൽ നിന്നും (സ.ഉ.(സാധ)നം.9858/ 2018/ ധന/ 29.11.2018) കേരള വൈദ്യുതി ബോർഡിന് നൽകുവാനുള്ള കുടിശ്ശികയായി 227926/- രൂപയും കേരള ജല അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശികയായി 1261/- രൂപയും ഉത്ഭത്തിൽ കുറവ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകകളുടെ യഥാക്രമം എസ്.0318/19, എസ്.0319/19 എന്നീ പ്രോജക്ടുകൾ പ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് കെ.എസ്.ഇ.ബി, കെ.ഡബ്ലിയു.എ. എന്നിവിടങ്ങളിൽ നിന്നും 2018 ഏപ്രിൽ മുതൽ ലഭിച്ചിട്ടുള്ള വൈദ്യുതി/വെള്ളക്കര ഡിമാന്റ് നോട്ടീസുകളിൽ ഗ്രാമപഞ്ചായത്തിന് ഈയിനങ്ങളിൽ കുടിശ്ശിക ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് നിലവിൽ കുടിശ്ശിക ഇല്ലാതിരിക്കെ ഗ്രാന്റിൽ നിന്നും ഉത്ഭവത്തിൽ കുറവ് ചെയ്തത് തിരികെ ലഭിക്കുന്നതിനോ വൈദ്യുതി/വെള്ളക്കര തുകയിൽ ക്രമീകരിച്ച് ലഭിക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് തുക തിരികെ ലഭിക്കുന്നതിന് വേണ്ടി പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കി

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച സർക്കാരിന്റെ 14.01.2011 ലെ സ.ഉ(അ)നം.20/2011/ ത.സ്വ.ഭ.വ. അനുസരിച്ച് പഞ്ചായത്തിൽ 20.09.11 ലെ II(1) കമ്മിറ്റി തീരുമാനം പ്രകാരം 200 ചതുരശ്രമീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയായി 80/- രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ വാർഡ് X ലെ ജിസ് ബേബി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 236.62 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള ഹോട്ടലിന്റെ വസ്തുനികുതി ചതുരശ്രമീറ്ററിന് 70/- രൂപ നിരക്കിലാണ് (02.11.2018 പ്രാബല്യത്തിൽ) നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ പറയുന്നു. (ലൈബ്രറി സെസ്സ് നികുതിയോടൊപ്പം ഈടാക്കിയിട്ടുണ്ട്; ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല)

കെട്ടിടത്തിന്റെ വിസ്തീർണ്ണം : 236.62 ചതുരശ്രമീറ്റർ

ഉപയോഗക്രമം : ഹോട്ടൽ

വസ്തുനികുതി കണക്കാക്കിയ നിരക്ക് : 70/-രൂപ

വർദ്ധനവ്, ഇളവ് എന്നിവ ഉൾപ്പെടെ ഈടാക്കിയ തുക : 18220/-രൂപ (10 % ഇളവ്, 20% വർദ്ധനവ് ബാധകം)

ബാധകമായ നിരക്ക് : 80/-രൂപ

വർദ്ധനവ്, ഇളവ് എന്നിവ ഉൾപ്പെടെ ഈടാക്കേണ്ട തുക : 20823/- രൂപ

ടി കെട്ടിടത്തിന്റെ ഉടമയിൽ നിന്ന് വസ്തുനികുതിയിനത്തിൽ 2603/- രൂപ (20823 – 18220) കുറവാണ് ഈടാക്കിയിട്ടുള്ളത്. ഇതിൽ തൻവർഷം രണ്ടാം അർദ്ധവർഷത്തെ തുകയായ 1302/-രൂപ ഈടാക്കണം. തുടർന്നുള്ള വർഷങ്ങളിൽ 20823/-രൂപ പ്രതിവർഷം ഈടാക്കണം.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പുലിയാമ്പിള്ളി മുകൾ ഓപ്പൺസ്റ്റേജ് അനുബന്ധ പ്രവർത്തനങ്ങൾ- 1309/- രൂപ അധിക ചെലവ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0266/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 2,25,000 ( എസ്.സി.പി- 150050<br>തനത്- 74950) |

| | |
|---|---|
| കരാറുകാരൻ | സി..ജോർജ്ജ്കുട്ടി (0.01%കുറവ് ) |
| അളവ് പുസ്തകം | 92/16-17 |
| ആകെ പ്രവൃത്തി മൂല്യം | 193398 |
| ബിൽ നമ്പർ | 8/18-19/30.8.18, 150050<br>ചെക്ക് -075804/21.8.18- 43330 |

പുലിയാമ്പിള്ളി മുകൾ ഓപ്പൺസ്റ്റേജ് അനുബന്ധ പ്രവർത്തനങ്ങൾ എന്ന പ്രവൃത്തിയുടെ അഞ്ചാമിനമായി 60mm ഇന്റർലോക്കിംഗ് പവർ ബ്ലോക്ക്, അളവ് പുസ്തകം പുറം 9ലെ രേഖപ്പെടുത്തൽ അനുസരിച്ച് 126.83$m^2$ ചെയ്തിട്ടുണ്ട്. എന്നാൽ പുറം 17 പ്രകാരം ഈയിനത്തിന് മൂല്യനിർണ്ണയം നടത്തിയപ്പോൾ 128.336$m^2$ ചെയ്തതായി രേഖപ്പെടുത്തി 869.38/$m^2$ നിരക്കിൽ 111572.75രൂപ നൽകിയിട്ടുണ്ട്. അതായത് 1.506$m^2$ ന് 869.38/$m^2$ നിരക്കിൽ 1309/- രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ 1309/-രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (23/17.12.19) മറുപടി ലഭ്യമാക്കിയില്ല.

# 3-2 ടെണ്ടർ വ്യത്യാസം കുറവ് ചെയ്തില്ല- നഷ്ടം-14553/-രൂപ

കരിമുകൾ ക്ലേ കമ്പനി റോഡ് റീടാറിംഗ്- ടെണ്ടർ വ്യത്യാസം കുറവ് ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0253/19 |
| നിർവ്വഹണ ഉദ്യോസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 4,85,000/- ( സി.എഫ്.സി- 470000<br>തനത്- 15000) |
| കരാറുകാരൻ | പി.പി.അബൂബക്കർ (3.13%കുറവ് ) |
| അളവ് പുസ്തകം | 15/17-18 |
| ആകെ മൂല്യം | 470163 |
| ബിൽ നമ്പർ | 14/18-19/30.11.18, 470000/- |

കരിമുകൾ ക്ലേ കമ്പനി റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 3.13% കുറഞ്ഞ നിരക്കിലാണ് കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. 1.11.2017 ൽ ആരംഭിച്ച പ്രവൃത്തി 5.5.2018ൽ പൂർത്തീകരിച്ച് മൂല്യ നിർണ്ണയം നടത്തിയപ്പോൾ ആകെമൂല്യം 470163 രൂപ എന്നത് 470000രൂപയിൽ പരിമിതപ്പെടുത്തിയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. എന്നാൽ ഇതിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ കുറവ് ചെയ്യാതിരുന്നത് മൂലം 14553 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇപ്രകാരം അധികം നൽകിയ 14553/-രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (24/17.12.19) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -4

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.06.2019-15.06.2019 | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1227(21)/2019 / 8.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 15300 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.0055/19) | 15300 | 0 |
| | | 700000 | ലൈഫ് ഭവനപദ്ധതി (ജനറൽ) (എസ്.0015/19) | 652863 | 47137 |
| | | 1000000 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) (എസ്.0019/19) | 200000 | 800000 |
| | | 275000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0010/19) | 275000 | 0 |
| | | 860000 | അങ്കനവാടി നിർമ്മാണം (എസ്.0300/19) | 0 | 860000 |
| **ആകെ** | | **2850300** | | **1143163** | **1707137** |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 75000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.0055/19) | 75000 | 0 |
| | | 500000 | ലൈഫ് ഭവനപദ്ധതി (ജനറൽ) (എസ്.0015/19) | 500000 | 0 |
| | | 275000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0010/19) | 275000 | 0 |
| | | [illegible] | | [illegible] | [illegible] |

| ആകെ | | 850000 | | 850000 | 0 |
|---|---|---|---|---|---|

ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ഓഡിറ്റ് വർഷം ലഭിച്ച വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ ഉണ്ടായിരുന്ന മുന്നിരുപ്പ് 2225000 രൂപ വിനിയോഗിച്ചിട്ടില്ല. ഇതിൽ 14 ലക്ഷം രൂപ 2017-18 വർഷത്തിൽ എയറോബിക് കമ്പോസ്റ്റർ എന്ന പ്രോജക്ടിന് വേണ്ടി ലഭ്യമായ വിഹിതമാണ്. തൻവർഷം പ്രോജക്ട് (എസ്.0281/19) ഏറ്റെടുന്നിരുന്നെങ്കിലും തുക വിനിയോഗിച്ചിട്ടില്ല.
മുന്നിരുപ്പിൽ ബാക്കി നിൽക്കുന്ന 825000/- രൂപ സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പ്രകാരം 05.11.2016 ൽ ഒ.ഡി.എഫ്. പദ്ധതിക്കായി ലഭിച്ച 700000/- രൂപയും ഇ.എം.എസ്.ഭവനപദ്ധതിക്കായി 2011-12 വർഷത്തിൽ ലഭിച്ച 125000/- രൂപയും ഉൾപ്പെടുന്നു. പ്രസ്തുത തുകകൾ വിനിയോഗിക്കുവാൻ സാധിക്കാത്തതാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജല അതോറിറ്റി | ജെ.ബി. എസ്.കുറ്റ – രാമല്ലൂർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ്.0196/19) | 081149/ 8.3.19 | 355000/- | 0 | 355000/- |
| | രാമല്ലൂർ അമ്പലം - വെമ്പിള്ളിത്താഴം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ്.0197/19) | 081148/ 8.3.19 | 190000/- | 0 | 190000/- |
| | എച്ച്.ഒ.സി.കവല മുതൽ ഏറ്റിക്കര വരെ പൈപ്പ് ലൈൻ വലിക്കൽ ( എസ്. 0278/19) | 843881/ 5.3.19 | 900000/- | 0 | 1371000/- |
| | | 843882/ 5.3.19 | 471000/- | | |
| | കരിമുകൾ -വേളൂർ റോഡിൽ പൈപ്പ് മാറ്റി സ്ഥാപിക്കൽ (എസ്.0308/19) | 21801119/ 7.1.2019 | 115000/- | 0 | 115000/- |
| | വേളൂർ 4 സെന്റ് | 080419/ | 52000/- | 0 | 52000/- |

| | | | | | |
|---|---|---|---|---|---|
| | കോളനിയിലെ പൊതു ടാപ്പ് കണക്ഷൻ നിലവിലുള്ള കാലപ്പഴക്കം ചെന്ന ജി.ഐ.പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നതിന് ( തനത് ഫണ്ട്) | 5.3.19 | | | |
| വൈദ്യുതി ബോർഡ് | ഐക്കാട്ടുതറ കനാൽ ബണ്ട് റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ (എസ്.0096/19) | 21801148 / 23.1.19 | 209474/- | 0 | 209474/- |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 52869924 |
| തൻവർഷം നിക്ഷേപിച്ച തുക- പലിശ | 5608221 |
| ആകെ | 58478145 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 58478145 |

<u>**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | രസീത് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803230000699 | 6181000 |
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803230000700 | 6181002 |
| 3 | എറണാകുളം ജില്ല സഹകരണ ബാങ്ക്, ചൂണ്ടി | 051342000000797 | 546724 |
| 4 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, | 338803030243407 | 6671356 |

| | | | |
|---|---|---|---|
| | പുത്തൻകുരിശ്. | | |
| 5 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030243406 | 6671351 |
| 6 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030243408 | 6671356 |
| 7 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030243405 | 6671356 |
| 8 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030000729 | 6498937 |
| 9 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻകുരിശ്. | 338803030000730 | 6498938 |
| 10 | വടവുകോട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 33046 | 5886125 |
| ആകെ | | | 58478145 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിന് വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2000-2001 | 3(a) | 2004-05 | 3.7.1.2.2(1) | വീട്ടുള്ളവർക്ക് വീട് നൽകിയതിലെ തടസ്സം | റവന്യൂറിക്കവറി പ്രകാരം തുക ഈടാക്കിയതായി അറിയിച്ചിട്ടുണ്ട് |
| 2000-2001 | 3(b) | 2004-05 | 3.7.1.2.2(2) | റെജിമോൻ ചക്കരേടത്ത്, കരിമുകൾ - തടസ്സം | റവന്യൂറിക്കവറി പ്രകാരം തുക ഈടാക്കിവരുന്നു. |
| 2013-14 & 14-15 | 2-2 | 2016-17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1.മാവേലി സ്റ്റോറിന്റെ തൊഴിൽ നികുതി 5000/- രൂപ 15/6/2016 ലെ രസീത് നം. 1160210553 പ്രകാരം ഈടാക്കിയെന്നറിയച്ചിട്ടുണ്ട്.<br>2. മാവേലി സ്റ്റോർ കരിമുകൾ- നികുതി ഈടാക്കുവാൻ കഴിയുകയില്ല എന്നറിയിച്ചിട്ടുണ്ട്.<br>3.തുക ഈടാക്കിയിട്ടില്ല.<br>4.ബിവറേജസ് കോർപ്പറേഷന്റെ തൊഴിൽ നികുതി |

| | | | | | |
|---|---|---|---|---|---|
| | | | | | ഈടാക്കിയിട്ടുണ്ട്<br>5.തുക ഈടാക്കിയിട്ടില്ല. |
| 2015-16 | 2-4 | 2016-17 | | തൊഴിൽ നികുതി 2690 രൂപ ഈടാക്കണം | തുക 2690 രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| 2015-16 | 2-8 | 2016-17 | | തൊഴിൽ നികുതി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയില്ല | പരാമർശത്തിലെ 56 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിൽ 37 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയെന്നറിയിച്ചിട്ടുണ്ട്. മറ്റു സ്ഥാപനങ്ങളിൽ ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കൂടുതൽ തൊഴിലെടുക്കുന്നവർ ഇല്ല എന്ന് സ്ഥാപനത്തിന് ബോധ്യപ്പെട്ടതായി അറിയിച്ചു. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചാർജ്ജ്/സർചാർജ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ.

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 25<br>26 എ<br>26 ബി<br>27 | പി.കെ. ശിവൻ | LF18883/ Spl. Cell/ SC2/ 04, 19.09.04 (ചാർജ്) | 107<br>1225<br>758<br>91<br>------<br>2181 | ₹ 1557/- (8/82969 dt 31.03.00, 62/82919 dt 31.03.00) | - | - | - | ₹1557 | **₹624/-** | |
| 2 | 1999-00 | 43(1) | പി.എൻ. രാജമ്മ | LF3510/ Spl Cell/ CSC3/06, 01.02.08 | 10000/- | | | | | | 10000/- | |
| 3 | 2004-05 | 3-4(എ)<br>3-4(ബി)<br>3-4(സി)<br>3-4(ഡി) | ബി.സി. രാധാകൃഷ്ണൻ | LF2723/ CS3/ 10, 27.03.10 | 9614/- | | | | | | 9614/- | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,16,36,125.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,96,48,067.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1302.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15862.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2586974.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1302/- | - | ശ്രീ.അനിൽകുമാർ.എൻ. സെക്രട്ടറി |
| 3-1 | - | 1309/- | ശ്രീ.ജോമോൻ.ടി.പി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 14553/- | ശ്രീ.ജോമോൻ.ടി.പി. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1302/- | 15862/- | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 2292474/- | ശ്രീ.അനിൽകുമാർ.എൻ. സെക്രട്ടറി |
| 1-27 | 39500/- | ശ്രീ.അനിൽകുമാർ.എൻ. സെക്രട്ടറി |
| 1-28 | 255000/- | ശ്രീ.അനിൽകുമാർ.എൻ. സെക്രട്ടറി |
| ആകെ | 2586974/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനിൽകുമാർ.എൻ. സെക്രട്ടറി | സെക്രട്ടറി വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | ചാമക്കാലായിൽ വീട്, വടയമ്പാടി.പി.ഒ. |
| ശ്രീ.ജോമോൻ.ടി.പി. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | തൈയ്യിൽ വീട്, വാരപ്പെട്ടി.പി.ഒ, കോതമംഗലം, എറണാകുളം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.1) 158/98/13.11.1998 | 2 |
| 1997-98 | എൽ.എഫ്.ഇ.(പി.1) 1049/98/02.07.1999 | 3 |
| 1998-99 | എൽ.എഫ്.ഇ.(പി.1) 1352/00/ 16.07.2001 | 10 |
| 1999-00 | എൽ.എഫ്.ഇ.(പി.1) 871/01/ 05.11.2001 | 14 |
| 2000-01 | എൽ.എഫ്.ഇ.(പി.1) 726/05/03.07.2006 | 4 |
| 2000-01 | എൽ.എഫ്.ഇ.(പി.1) 1459/03/20.04.2004 (പ്ലാൻ) | 1 |
| 2001-02 | എൽ.എഫ്.ഇ.(പി.1) 1459/03/20.04.2004 (പ്ലാൻ) | 6 |
| 2001-02 | എൽ.എഫ്.ഇ.(പി.1) 727/05/ 06.07.2006 | 1 |
| 2002-03 | എൽ.എഫ്.ഇ.(പി.1)97/2007/18.10.2007 | 10 |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1014/07/ 08.07.2007 | 4 |
| 2004-05 | എൽ.എഫ്.ഇ.(പി.1) 570/09/ 10.07.09 | 3 |
| 2005-06 | എൽ.എഫ്.ഇ.(പി.1) 535/09/ 12.12.12 | 3 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.ഇ.(പി.1) 588/10/25.10.2011 | 1 |
| 2007-08 | എൽ.എഫ്.ഇ.(പി.1) 815/10/ 25.10.2011 | 14 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.ഇ.(പി.1) 1634/12/12.12.12 | 7 |
| 2011-12 | എൽ.എഫ്.ഇ.(പി.1) 12/2014/12.02.14 | തീർപ്പാക്കി |
| 2012-13 | എൽ.എഫ്.ഇ.(പി.1) 272/15/06.03.2015 | 3 |
| 2013-14, 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി.1) 239/16/12.02.2016 | 3 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.1) 2050/16/ 15.12.2016 | 4 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി.1) 1836/17/7.12.2017 | 11 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (പി.1) 2025/18, 30.10.2018/17.12.2018 | 2 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

**ഡെപ്യൂട്ടി ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം**

# അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **വടവുകോട് പുത്തൻകുരിശ്** ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വടവുകോട് പുത്തൻകുരിശ്** ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

.

**ഡെപ്യൂട്ടി ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം**

<u>അനുബന്ധം</u>

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. ഫണ്ട് വിനിയോഗത്തിൽ മെയിന്റനൻസ് ഗ്രാന്റ്-റോഡ് ഇനത്തിൽ എ.സി.ആർ.പ്രകാരമുള്ള ചെലവ് 10273000/-രൂപയാണ്. എന്നാൽ അക്കൗണ്ട്സ് പ്രകാരം ചെലവ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 10282135/-രൂപയാണ്.
2. I-18 Prior period items എന്ന ഹെഡ്ഡിൽ വസ്തുനികുതി ഇനത്തിൽ ജേണൽ എൻട്രി നടത്തി ഡിമാൻഡ് മാറ്റിയതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
3. ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

.

**ഡെപ്യൂട്ടി ഡയറക്ടർ**

.

## <u>AUDIT CERTIFICATE</u>

Certified that I have examined the Annual Financial Statement of **Vadavucode Puthencruz Grama Panchayat** for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of **Vadavucode Puthencruz Grama Panchayat** for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

.

DEPUTY DIRECTOR

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFIE

## Annexure

Abstrct of Defects / Discripancies.

1. The expenditure of maintenance grant (road) as per ACR is Rs.10273000/-, but as per AFS the expenditure amount is Rs.10282135/-.
2. Details of the changes made in the demand of Property tax (I-18 prior perid items) was not provided for verification.
3. Assets including land has not been valued completely and included in annual financial statements.

DEPUTY DIRECTOR